## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **382** **04.06.2018–** ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം

മറുപടി

ശ്രീ. ഐ.ബി.സതീഷ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ആശ്വാസകിരണം പദ്ധതിയിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം ആകെ 1080 അപേക്ഷകൾ ആണ് കാട്ടാക്കട നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഇതിൽ 881 പേർക്ക് ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ 199 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആശ്വാസകിരണം പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്കും, 100% അന്ധത ബാധിച്ചവരെ പരിചരിക്കുന്നവർക്കും, ശയ്യാവലംബ-രായവരെ പരിചരിക്കുന്നവർക്കും ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു വരുന്നു. പൊതുവിഭാഗത്തിൽ ഉൾപ്പെട്ടവരിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽപ്പെടുന്നവർക്ക് 22,375/- രൂപയും, പഞ്ചായത്ത് പരിധിയിൽ-പ്പെടുന്നവർക്ക് 20,000/- രൂപയും വരുമാനപരിധി നിജപ്പെടുത്തി-യിട്ടുണ്ട്. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ |

| | | | |
|---|---|---|---|
| | | | ബാധിച്ചവരെ വരുമാനപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ശിശുവികസന പദ്ധതി ഓഫീസറുടെ ശിപാർശ സഹിതം ലഭ്യമാകുന്ന അപേക്ഷകളിൽ അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**